**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1103** **12-06-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ കിഫ്ബി കുടിവെള്ള പദ്ധതിയുടെ ഭാഗമായി ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 299.311 കോടി രൂപയുടെ പുതുക്കിയ ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ 7 ഉന്നതതലജലസംഭരണികളും 2.80 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും, 580 കിലോമീറ്റർ വിതരണ ശൃംഖലയുമാണ്. 374518 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതി 9പാക്കേജുകളായി നടപ്പിലാക്കി വരുന്നു.<br><br>ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ആലപ്പുഴ നഗരസഭയിലെ വിവിധ വാർഡുകളിൽ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 33 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നു വരുന്നു. ഈ പ്രവൃത്തിയിൽ ഇതു വരെ 18.62 കി.മീ. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന വിവിധ വാർഡുകളിലായി 7500 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി നടന്നു വരുന്നു. നാളിതുവരെ 1108 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>അമൃത് പദ്ധതിയിൽപ്പെടുത്തി നെഹ്റുട്രോഫി വാർഡിൽ പുന്നമൂട് ജെട്ടിയിൽ ഒരു വാട്ടർ കിയോസ്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br><br>കാവുങ്കൽ ജെട്ടിയിൽ നിർമ്മിക്കുന്ന വാട്ടർ കിയോസ്കിന്റെ നിർമ്മാണം പൂർത്തിയായി. വൈദ്യുത |

| | | | |
|---|---|---|---|
| | | | കണക്ഷൻ ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>നെഹ്റുട്രോഫി ഫിനിഷിംഗ് പോയിന്റിന് സമീപം സ്ഥാപിക്കേണ്ട കിയോസ്കിന്റെ നിർമ്മാണത്തിനു വേണ്ടിയുള്ള സ്ഥലം ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ നിന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.<br><br>ഇത് കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക്, മാരാരിക്കുളം വടക്ക് എന്നീ പഞ്ചായത്തുകളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി മുഖേന നടത്തുന്നവയുടെ നിലവിലെ സ്ഥിതി, ചെലവഴിക്കുന്ന തുക, പൂർത്തീകരിക്കാനെടുക്കുന്ന സമയം ഇവയുടെ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 299.311 കോടി രൂപയുടെ പുതുക്കിയ ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്. 3,74,518 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതി 9 പാക്കേജുകളായി നടപ്പിലാക്കി വരുന്നു.<br><br>**<u>പാക്കേജ് 1:</u>-** ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ചാത്തനാട് 16 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള OHSR, 5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂഗർഭ ജലസംഭരണി, വടികാട് ഭാഗത്ത് 16 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള OHSR, 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണി, മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ (കാട്ടൂർ) 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള OHSR, 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണി, ഇതിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (2.6 കി.മീ.), അനുബന്ധ മോട്ടോറുകൾ പമ്പുകൾ എന്നിവ ഈ പാക്കേജിൽ ഉൾപ്പെടുന്നു. പ്രവൃത്തി 90% പൂർത്തീകരിച്ചു.<br><br>**<u>പാക്കേജ് 2:</u>-** ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന ചുടുകാട്, ചന്ദനക്കാവ് എന്നീ ഭാഗങ്ങളിൽ യഥാക്രമം 16 ലക്ഷം ലിറ്റർ, 12 ലക്ഷം ലിറ്റർ വീതം സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണികളുടെ നിർമ്മാണമാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തി 45% പൂർത്തീകരിച്ചു. (ചുടുകാട് ഉന്നതതല ജല സംഭരണിയുടെ നാലാം ബ്രേസ് ബീമിന്റെ കോൺക്രീറ്റിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. ചന്ദനക്കാവ് ഉന്നതതല ജലസംഭരണിയുടെ മൂന്നാം |

ബ്രേസ് ബീമിന്റെ കോൺക്രീറ്റിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു.)

**<u>പാക്കേജ് 3:</u>-** മണ്ണഞ്ചേരി പഞ്ചായത്തിൽ 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള OHSR ഉം 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും ഇവയിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും (6.5 കി.മി), അനുബന്ധ മോട്ടോറുകളും പമ്പുകളും 103 കി.മി ശൃംഖലകളുടെ വിപുലീകരണവും ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവസാന തീയതി 06.06.2024 ആയി റീ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ആരും പങ്കെടുത്തില്ല. റീടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു.

**<u>പാക്കേജ് 4:</u>-** ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കൊമ്മാടി ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 1 ലേക്കുള്ള വിതരണ ശൃംഖലയും, റെയിൽവേ ക്രോസ്സിംഗും ഈ പാക്കേജി ൽ ഉൾപ്പെടുന്നു. അവസാന തീയതി 06.06.2024 ആയി റീ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ആരും പങ്കെടുത്തില്ല. റീടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു.

ഈ പാക്കേജ് പൂർത്തിയാക്കുന്നതോടെ കൊമ്മാടിയിൽ നിലവിൽ അമൃത് പദ്ധതി പ്രകാരം പൂർത്തീകരിച്ചിട്ടുള്ള 21 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയിൽ നിന്നും കുടിവെള്ളം പൂർണ്ണതോതിൽ വിതരണം ചെയ്യാൻ സാധിക്കും.

**<u>പാക്കേജ് 5:</u>-** മാരാരിക്കുളം തെക്ക് പഞ്ചായത്തിന്റെ വിതരണ ശൃംഖലയുടെ (101 കി.മി) നവീകരണവുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവസാന തീയതി 06.06.2024 ആയി റീ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ആരും പങ്കെടുത്തില്ല. റീടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു.

**<u>പാക്കേജ് 6 :</u>-** ആര്യാട് പഞ്ചായത്തിൽ 9 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണിയും 19 കി.മി വിതരണ ശൃംഖലയും 620 മീ. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുമാണ് ഈ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ളത്. ടി പ്രവൃത്തിയുടെ ദർഘാസ് അംഗീകരിച്ചിട്ടുണ്ട്. ഉടമ്പടി വച്ചതിനു ശേഷം 18 മാസം കൊണ്ട് ഈ പാക്കേജ് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**<u>പാക്കേജ് 7:</u>-** ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ചാത്തനാട് ഉന്നതതല ജലസംഭരണിയിൽ നിന്നും

| | | | |
|---|---|---|---|
| | | | സോൺ 2 ലേക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവസാന തീയതി 06.06.2024 ആയി റീ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ റീടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>പാക്കേജ് 8:</u>-** ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ആലിശ്ശേരി ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 7 ലേക്കുള്ള വിതരണ ശൃംഖലയും, റെയിൽവേ ക്രോസ്സിംഗും (റിക്രിയേഷൻ ഗ്രൗണ്ട്) ഈ പാക്കേജിൽ ഉൾപ്പെടുന്നു. അവസാന തീയതി 06.06.2024 ആയി റീ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ റീടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>പാക്കേജ് 9:</u>-** ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ചുങ്കകാട് ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 8 ലേക്കുള്ള വിതരണ ശൃംഖലയും, റെയിൽവേ ക്രോസ്സിംഗും (വട്ടയാൽ) ഈ പാക്കേജിൽ ഉൾപ്പെടുന്നു. അവസാന തീയതി 06.06.2024 ആയി റീ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ റീടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മേൽ പ്രവർത്തികൾക്ക് നാളിതുവരെ 25.74 കോടി രൂപ ചെലവായിട്ടുണ്ട്.<br><br>പാക്കേജ് 1 ന്റെ പൂർത്തികരണ കാലാവധി 25.10.2024 ഉം പാക്കേജ് 2 ന്റെ പൂർത്തികരണ കാലാവധി 24.06.2024 ഉം ആണ്. പാക്കേജ് 6 ഉടമ്പടി വച്ചതിനു ശേഷം 18 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | ജലജീവൻ പദ്ധതി പ്രകാരം എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതി, പൂർത്തീകരിക്കാനെടുക്കുന്ന സമയം എന്നിവയുടെ വിശദവിവരം ലഭ്യമാക്കാമോ? | (സി) | താഴെ പറയുന്ന പഞ്ചായത്തുകളിൽ ജലജീവൻ മിഷനിൽ പ്രവൃത്തി പുരോഗമിക്കുന്നവയുടെ വിശദവിവരങ്ങൾ.<br><br>**<u>ആര്യാട് പഞ്ചായത്ത്</u>**<br><br>ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം - 5967<br><br>ഭരണാനുമതി തുക - 970.33ലക്ഷം രൂപ<br><br>ഇതു വരെ നൽകിയ കണക്ഷൻ (7/6/2024 വരെ)- 3498<br><br>ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണം - 2469 |

| | | | |
|---|---|---|---|
| | | | **മണ്ണഞ്ചേരി പഞ്ചായത്ത്**<br><br>ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം- 15713<br><br>ഭരണാനുമതി തുക - 2423.50ലക്ഷം രൂപ<br><br>ഇതു വരെ നൽകിയ കണക്ഷൻ (7/6/2024 വരെ)- 8735<br><br>ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണം - 6978<br><br>**മാരാരിക്കുളം വടക്ക്**<br><br>ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം- 7311<br><br>ഭരണാനുമതി തുക - 944.00ലക്ഷം രൂപ<br><br>ഇതു വരെ നൽകിയ കണക്ഷൻ (7/6/2024 വരെ) - 6007<br><br>ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണം - 2137<br><br>**മാരാരിക്കുളം തെക്ക്**<br><br>ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം- 11996<br><br>ഭരണാനുമതി തുക – 1843.96 ലക്ഷം രൂപ<br><br>ഇതു വരെ നൽകിയ കണക്ഷൻ (7/6/2024 വരെ) - 8054<br><br>ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണം - 3942<br><br>സെപ്റ്റംബർ, 2024ഓട്ടു കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ